## എങ്ങനെ നിക്ഷേപിക്കണം?

1. ആദ്യം നമ്മുടെ ലക്ഷ്യങ്ങൾ നിർണയിക്കുക. എന്നിട്ട് അവയെ ദീർഘകാലം (വീട്, വസ്തുവകകൾ ബിസിനസ്, റിട്ടയർമെന്റ്) ഹ്രസ്വകാലം (വിദ്യാഭ്യാസം, വീട് പുതുക്കുക) എന്നു തരംതിരിക്കുക.
2. നിലവിലെ ആസ്തിവിഭജനം വിലയിരുത്തുക. എത്രവീതം ഓരോ ആസ്തിയിലും ഉണ്ടെന്നു കണക്കാക്കുക.
3. നിലവിൽ ഈ പോർട്ഫോളിയോയിൽനിന്ന് മതിയായ റിട്ടേൺ കിട്ടുന്നുണ്ടോ? ഇല്ലെങ്കിൽ ആവശ്യമായ മാറ്റം വരുത്തുക (rebalancing portfolio).

ദീർഘകാല ലക്ഷ്യങ്ങൾക്ക് ഓഹരി, ഗോൾഡ്, റിയൽ എസ്റ്റേറ്റ്, മ്യൂച്വൽ ഫണ്ട് സ്കീമുകൾ, പിഎംഎസ്, യൂലിപ് തുടങ്ങിയവ തിരഞ്ഞെടുക്കുക.


ഹ്രസ്വകാലത്തേക്കായി പോസ്റ്റ് ഓഫിസ് നിക്ഷേപങ്ങൾ, ബാങ്ക് ഡിപ്പോസിറ്റ്, ഹ്രസ്വകാല ബോണ്ടുകൾ, ഡെറ്റ് മ്യൂച്വൽ ഫണ്ടുകൾ തുടങ്ങിയ സുരക്ഷിത പദ്ധതികളിൽ നിക്ഷേപിക്കാം.


## നിക്ഷേപിക്കുമ്പോൾ നോക്കേണ്ടത്

1. നമ്മുടെ റിസ്ക് എടുക്കാനുള്ള ശേഷി.
2. നമുക്കാവശ്യമായ വളർച്ചനിരക്ക്.
3. ഓരോ ലക്ഷ്യത്തിന്റെയും കാലയളവ്.
4. നിലവിലെ വിപണി/നിക്ഷേപ അവസ്ഥകൾ.

പണം നിക്ഷേപിക്കുന്ന കാര്യത്തിൽ ഏതെങ്കിലും വ്യക്തിയെ പിന്തുടരാൻ ശ്രമിക്കരുത്. പകരം അവരുടെ നിക്ഷേപരീതിയെ പിന്തുടരാം. നമുക്ക് അറിവും സമയവും ഉണ്ടെങ്കിൽ മാത്രം നിക്ഷേപം

Proper asset allocation is a key to optimize return on your investments




Current asset allocation

സ്വയം ചെയ്യുക. ഇല്ലെങ്കിൽ നല്ലൊരു ഫിനാൻഷ്യൽ അഡ്വൈസറുടെ സഹായം തേടാം.

## സരസ്വതിയെ ഇരുത്തൂ, ലക്ഷ്മി കൂടെ നിൽക്കും

അറിവുണ്ടെങ്കിൽ മാത്രമേ നമുക്കു ശരിയായി നിക്ഷേപിക്കാനും സമ്പത്ത് ഉറപ്പാക്കാനും കഴിയൂ. സമ്പത്തിന്റെ ദേവതയായ പൊതുവേ മഹാലക്ഷ്മി നിൽക്കുകയാണ്. അതിനർഥം കയ്യിൽ എത്ര ധനം ഉണ്ടെങ്കിലും നാം അതു ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ ലക്ഷ്മീദേവി എപ്പോൾ വേണമെങ്കിലും നമ്മെ വിട്ടു പോകാമെന്നാണ്. പല വ്യക്തികളുടെയും ജീവിതത്തിൽ സമ്പത്ത് ഇല്ലാതാകാൻ അധികസമയം എടുക്കുന്നില്ല.

അതേസമയം അറിവിന്റെ ദേവതയായ സരസ്വതി ദേവി ഇരിക്കുകയാണ്. നാം നേടുന്ന അറിവുകൾ ഒരിക്കലും നമ്മളെ വിട്ടു പോകില്ല. അത് ജീവിതകാലം മുഴുവൻ കൂടെ ഉണ്ടാകും. അതിനാൽ, ശരിയായ അറിവു നേടി അതുപയോഗിച്ച് സമ്പത്തു ശരിയായി കൈകാര്യം ചെയ്യുക. അങ്ങനെയെങ്കിൽ എല്ലാ കാലവും സമൃദ്ധിയും സന്തോഷവും ഉണ്ടാകും.

ഓരോ വ്യക്തിയും വരുമാനസാധ്യത എങ്ങനെ നിലനിർത്താമെന്ന് ആലോചിക്കണം. പ്രായം കൂടുന്നതനുസരിച്ച് വരുമാനം കുറയാതെ ജീവിതനിലവാരം നിലനിർത്താനും കഴിയണം.

അതിനു നമ്മുടെ കയ്യിലുള്ള പണം അഥവാ ആസ്തികൾ നമുക്കു വേണ്ടി എങ്ങനെ പ്രവർത്തിപ്പിക്കാമെന്ന് അറിയണം. അതു മനസ്സിലാക്കിയാൽ ജോലി ചെയ്യാവുന്ന കാലത്തെ ലക്ഷ്യങ്ങളെല്ലാം ബുദ്ധിമുട്ടില്ലാതെ നേടാനാകും. അതുവഴി റിട്ടയർമെന്റ് ജീവിതവും സന്തോഷകരമാക്കാം. പക്ഷേ, കയ്യിലുള്ളതിനെ ഉപയോഗിക്കാനറിയില്ലെങ്കിൽ ജീവിതകാലം മുഴുവനും കഠിനാധ്വാനം തന്നെ വേണ്ടിവരും. ●